# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4873 　　　　23.03.2018-ലെ മറുപടിയ്ക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ ഷംസീർ | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയതിന് എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ? | • കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000/- രൂപ ധനസഹായം അനുവദിക്കുന്നു.<br>• ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർക്ക് 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.<br>• മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.<br>• തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | | | • സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാഫാറ ത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്<br>• മരണം, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് തഹസീൽദാരുടെ സാക്ഷ്യപത്രം ഹാജരാക്കണം.<br>• പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ t-grantz സോഫ്റ്റ്‌വെയറിലൂടെ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ടി സേവനം അക്ഷയകേന്ദ്രങ്ങൾ മുഖേന സൗജന്യമാണ്.<br>• ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി നിലവിൽ 1 ലക്ഷം രൂപയാണ്. |

**സെക്ഷൻ ഓഫീസർ**